"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ്-കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയായ (പ്രോജക്ട് നമ്പർ 787/20) നെടിയേങ്ങ പി.എച്ച്.സി സെന്റർ കടിവെള്ള പദ്ധതിക്ക് പ്രത്യേക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡിബി) വകുപ്പ്**

G.O.(Rt) No.738/2020/LSGD തീയതി,തിരുവനന്തപുരം, 04/04/2020

---

പരാമർശം:- 1 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09/01/2020-ലെ കത്ത്.

2 25/02/2020-ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.63

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലാ പഞ്ചായത്ത് 2015-16 വർഷത്തിൽ ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച പദ്ധതിയാണ് നെടിയേങ്ങ പി.എച്ച്.സി. സെന്റർ - കുടിവെള്ള പദ്ധതി. ഈ പദ്ധതി ഇപ്പോൾ സ്പിൽ ഓവറായി തുടരുന്നു. പ്രോജക്ട് തയ്യാറാക്കിയപ്പോൾ ഈ പ്രദേശം ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിലായിരുന്നു. പിന്നീട് ഈ പ്രദേശം ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയായി മാറിയതിനാൽ ടി പദ്ധതി മുനിസിപ്പാലിറ്റിയുടെ ഭാഗമായി മാറി. പദ്ധതി നടപ്പാക്കാൻ ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും ഗുണഭോക്തൃവിഹിതം ഇതിനകം ബാങ്കിൽ നിക്ഷേപിക്കുകയും പദ്ധതിക്ക് സ്ഥലം കണ്ടെത്തുകയും ചെയ്തു. ഇപ്പോൾ ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രദേശം മുനിസിപ്പാലിറ്റി പ്രദേശമാണെങ്കിലും ഇത്തരം പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയ സാഹചര്യത്തിൽ 49 ലക്ഷം രൂപ അടങ്കലോട്ടുകൂടിയ 787/20 നമ്പർ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്ന കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ആവശ്യം പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം പരാമർശം (2) പ്രകാരം വിശദമായി പരിശോധി ക്കുകയും കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയായ നെടിയേങ്ങ പി.എച്ച്.സി സെന്റർ കടിവെള്ള പദ്ധതിക്ക് ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റിയുടെ സമ്മതപത്രം വാങ്ങണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി .

ഈ സാഹചര്യത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 49 ലക്ഷം രൂപ (നാല്പത്തിയൊൻപത് ലക്ഷം രൂപ മാത്രം) അടങ്കലോട്ടുകൂടിയ 787/20 നമ്പർ പദ്ധതിയായ നെടിയേങ്ങ പി.എച്ച്.സി സെന്റർ കടിവെള്ള പദ്ധതിക്ക് ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റിയുടെ സമ്മതപത്രം വാങ്ങണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്.
സെക്രട്ടറി, ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റി.
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ